17. പ്രവാസി മലയാളികൾക്ക് അപകടമരണം, സ്ഥിരമായ/പൂർണ്ണമായ/ഭാഗികമായ വൈകല്യം സംഭവിക്കൽ എന്നിവയ്ക്ക് രണ്ട് ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന തിരിച്ചറിയൽ കാർഡ് പദ്ധതി.

18. കൂടാതെ പ്രവാസികളുടെ കുടുംബം നാട്ടിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പരാതികൾ ലഭിക്കുമ്പോൾ ബന്ധപ്പെട്ട വകുപ്പുകളുമായും സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട് പരിഹാരം ഉറപ്പാക്കുന്നതിനും സർക്കാർ മുൻഗണന നൽകുന്നുണ്ട്.

(ബി) പ്രവാസി മലയാളികളുടെ വിവിധ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുന്ന ഉടൻതന്നെ ബന്ധപ്പെട്ട രാജ്യത്തെ ഇന്ത്യൻ എംബസിയുമായി ബന്ധപ്പെട്ട് പ്രശ്ന പരിഹാരത്തിന് ശ്രമിക്കുന്നുണ്ട്. ഇതിനായി അവശ്യഘട്ടങ്ങളിൽ പ്രവാസി മലയാളി സംഘടനകളുടെ സഹായവും തേടാറുണ്ട്. ഈ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വിദേശരാജ്യങ്ങളിൽ അഡ്വൈസറി കമ്മിറ്റികൾ രൂപീകരിക്കുന്നതിന് മിഷൻ 676 പദ്ധതി പ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽപ്പെടുന്ന വിഷയമാണ്.

നിതാഖത്ത് - പ്രവാസി പുനരധിവാസ പദ്ധതി

115 (3083) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിതാഖത്തിന്റെ ഭാഗമായി തിരിച്ചെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനുള്ള പദ്ധതിയിൽ സംസ്ഥാന കേന്ദ്ര സർക്കാരുകളുടെ നേരിട്ടുള്ള ധനസഹായമുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(ബി) എന്നു മുതലാണ് പ്രസ്തുത പദ്ധതി ആരംഭിച്ചത് ; എത്ര പേർ അപേക്ഷ നൽകി ; എത്ര പേർക്ക് പദ്ധതി പ്രകാരമുള്ള ധനസഹായം അനുവദിച്ചു ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(സി) തെരഞ്ഞെടുക്കപ്പെട്ടവരിൽ എത്ര പേർക്ക് ധനകാര്യ സ്ഥാപനങ്ങൾ വഴി പദ്ധതിപ്രകാരമുള്ള ധനസഹായം അനുവദിച്ചു ; ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ടവരുടെ എണ്ണവും ധനസഹായം നൽകിയ സ്ഥാപനങ്ങളുടെ പേരും അനുവദിച്ച തുകയും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തെരഞ്ഞെടുക്കപ്പെട്ടവർക്ക് സംസ്ഥാന സർക്കാർ എത്ര രൂപയുടെ ധനസഹായം നൽകിയെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിദേശ രാജ്യങ്ങളിൽനിന്നും തിരികെയെത്തിയ പ്രവാസികളെയും ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണം, നിതാഖത്ത് നിയമം, എന്നിവയെ തുടർന്ന് തിരികെയെത്തിയ പ്രവാസി മലയാളികളെയും പുനരധിവസിപ്പിക്കുന്നതിനായി ഇവർക്ക് സ്വയം തൊഴിലിലൂടെ സുസ്ഥിര വരുമാനം എന്ന ലക്ഷ്യത്തോടു കൂടി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന ഒരു പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ഇതുവരെയായി 9.97 കോടി രൂപ 2012-13 മുതൽ 2014-15 വരെ സാമ്പത്തിക വർഷങ്ങളിൽ വകയിരുത്തിയിരുന്നു. കേന്ദ്ര സഹായം ഈ പദ്ധതിക്കായി ഇതുവരെ ലഭിച്ചിട്ടില്ല. തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസ പദ്ധതികൾക്ക് കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി-ഡി) സൗദി അറേബ്യയിലെ നിതാഖത്ത് നിയമംമൂലം കേരളത്തിൽ തിരികെയെത്തിയവർക്കായി നോർക്ക-റൂട്ട്സ് ഏർപ്പെടുത്തിയ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്തവർക്കും സ്വയം തൊഴിൽ പദ്ധതിക്കായി NDPREM എന്ന പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. ഇപ്രകാരം രജിസ്റ്റർ ചെയ്ത 22634 പേരോട് സ്വയം തൊഴിൽ സംരംഭങ്ങൾ സംബന്ധിച്ച് അധിക വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെടുകയും അങ്ങനെ അധിക വിവരങ്ങൾ ലഭ്യമാക്കിയവരിൽ ആദ്യത്തെ ആറായിരം പേരുടെ അപേക്ഷകളിന്മേലുള്ള സ്ക്രീനിംഗ് നടപടികൾ പൂർത്തീകരിക്കുകയും ചെയ്തു. ഇവർക്ക് ബാങ്കുമായി ബന്ധപ്പെട്ട് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതിയിൽ ഉൾപ്പെടുത്തി വായ്പകൾ അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. വായ്പയ്ക്ക് അർഹരായവരുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	രജിസ്റ്റർ ചെയ്തവരുടെ എണ്ണം	അധിക വിവരങ്ങൾ ലഭ്യമാക്കിയവരുടെ എണ്ണം	ശ്രുപാർശക്ക് യോഗ്യരായവരുടെ എണ്ണം
തിരുവനന്തപുരം	2330	439	177
കൊല്ലം	2182	526	239
പത്തനംതിട്ട	351	82	49
ആലപ്പുഴ	685	65	37
കോട്ടയം	219	63	21
ഇടുക്കി	77	28	10
എറണാകുളം	422	126	74
തൃശ്ശൂർ	620	26	16
പാലക്കാട്	1532	435	228
കോഴിക്കോട്	2719		
വയനാട്	554	740	271
മലപ്പുറം	9274	2843	733
കണ്ണൂർ	1423		
കാസർഗോഡ്	246	410	194
ആകെ	22634	5783	2049

കൂടാതെ NDPREM പദ്ധതി പ്രകാരം ലഭിച്ച അപേക്ഷ സംബന്ധിച്ച വിശദാംശം അനുബന്ധമായി വച്ചിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly